**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 826** **06-02-2023 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ കോളനികൾ ഏതൊക്കെ; പ്രസ്തുത കോളനികളിലെ വിവിധ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ; | (എ) | മഞ്ചേരി നിയോജക മണ്ഡലത്തിൽ നിന്നും 2016-17 വർഷത്തിൽ തെരെഞ്ഞെടുത്ത ആമയൂർ ചക്കിങ്ങൽകണ്ടി കോളനി,ഏറാഞ്ചേരി കോളനി എന്നിവിടങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട ആര്യംപാടം കുറുങ്കാട്ടുകുന്ന് കോളനിയിലെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ നടന്നു വരുന്നു. 2021-22 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട പാക്കരത്ത് കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചു നൽകുകയും ആനക്കോട് കോളനിയിലെ എസ്റ്റിമേറ്റ് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച അംബേദ്കർ ഗ്രാമം പദ്ധതി കോളനികളിൽ ഇനിയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ നിർവഹണ ഏജൻസികളുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ് കോളനി നവീകരണ പ്രവർത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസത്തിനിടയാക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടത്തിയ ഉന്നത തല അവലോകന യോഗങ്ങളിൽ നൽകിയ കർശന നിർദ്ദേശത്തെ തുടർന്ന് നിലവിൽ പദ്ധതി നിർവഹണം ത്വരിതഗതിയിലാണ്. പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ നിർവഹണ ഏജൻസികളുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ് കോളനി നവീകരണ പ്രവർത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസത്തിനിടയാക്കുന്നത്. ഈ സർക്കാർ |

| | | | |
|---|---|---|---|
| | | | അധികാരത്തിൽ വന്ന ശേഷം നടത്തിയ ഉന്നത തല അവലോകന യോഗങ്ങളിൽ നൽകിയ കർശന നിർദ്ദേശത്തെ തുടർന്ന് നിലവിൽ പദ്ധതി നിർവഹണം ത്വരിതഗതിയിലാണ്. പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ